**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം -കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ 2009-10 വർഷം നടപ്പിലാക്കിയ "ഇ.എം.എസ്. ഭവന പദ്ധതി" - ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ ക്രമക്കേടുകൾ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.സുനിൽ കുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.................................................................................................................................................

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ (സാധാ)നമ്പർ.1990 /2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 25.06.2016

.................................................................................................................................................

പരാമർശം:-1.വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.02.2012 തീയതിയിലെ E4(SC 23/2012/KSD)12192/12 നമ്പർ കത്ത്.

2. 23.12.2013 തീയതിയിൽ ശ്രീ. സുനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയിട്ടുള്ള 72347//ഇആർബി1/2013 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. 18.12.2014 തീയതിയിൽ, ശ്രീ.സുനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 26.8.2014 തീയതിയിലെ 889/എസ്റ്റാഎ 4/2014/ സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ 2009-2010 വർഷത്തിൽ നടപ്പിലാക്കിയ "ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി" ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട് യൂണിറ്റ് പടന്ന ഗ്രാമപഞ്ചായത്തിൽ മിന്നൽ പരിശോധന നടത്തുകയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീ.കെ.സുനിൽകുമാറിനെതിരെ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യുതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. കുറ്റപത്രത്തിനെതിരെ ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ടിയാന്റെ പ്രതിവാദപത്രികയിൽ പടന്ന ഗ്രാമപഞ്ചായത്തിലെ മേൽക്രമക്കേടുകൾക്ക് ഉത്തരവാദിയായിരുന്ന നീലേശ്വരം ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ . കെ . സുനിൽകുമാറിന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി . പ്രസ്തുത കുറ്റപത്രത്തിനെതിരെ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ . പടന്ന ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ഇ . എം . എസ് . ഭവന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ 06.11.2009 ലെ 112/2009 നമ്പർ ഭരണസമിതി തീരുമാന പ്രകാരമാണ് ശ്രീ . കെ . ബാലകൃഷ്ണൻ , ശ്രീ . എ . ടി . അമ്പാടി എന്നിവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഗുണഭോക്താക്കളുടെ അപേക്ഷകളിന്മേൽ ശ്രീമതി . സുഷമ , ഹെൽത്ത് ഇൻസ്പെക്ടർ . ശ്രീ . ബാലകൃഷ്ണൻ . എൻ. പി . എന്നിവർ പരിശോധന നടത്തി അർഹരാണെന്ന് ശുപാർശ ചെയ്യുതിന്റെ അടിസ്ഥാനത്തിലാണ് മേൽ വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾ പ്പെട്ടിട്ടുള്ളതെന്നും ആയതിനാൽ ഇ . എം . എസ് . ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ വി . ഇ . ഒ . എന്ന നിലയിൽ ടിയാന് യാതൊരു ഉത്തരവാദിത്തവും നിറവേറ്റണ്ടതില്ലാത്തതാകുന്നുവെന്നും ,`ഇ . എം . എസ് . പദ്ധതി നിർവഹണ സമയത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ൽ ഗുണഭോക്താക്കളുടെ അർഹത ഒന്നു കൂടി പരിശോധിച്ചതിനു

ശേഷമാണ് ആനുകൂല്യംനൽകുന്നതിന് കരാർ ഒപ്പിടുന്നതെന്നും. മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ എഗ്രിമെന്റ് വച്ചതും , ഒന്നാം ഗഡു അനുവദിച്ചതും എംപ്ലോയിമെന്റ് എക്സ് ചേഞ്ച് വഴി നിയമിതയായ താൽക്കാലിക വി . ഇ . ഒ . ശ്രീമതി . സുനന്ദ ആയിരുന്നുവെന്നും , ഇതിനു ശേഷമാണ് ടിയാൻ പടന്ന ഗ്രാമപഞ്ചായത്തിന്റെ വി . ഇ . ഒ . ചുമതല ഏറ്റെടുക്കുന്നതെന്നും ബോധിപ്പിച്ചിട്ടുണ്ട്.കൂടാതെ ഒന്നാം ഗഡു അനുവദിച്ചതിനു ശേഷം വീട് നിർമ്മാണത്തിന്റെ പുരോഗതി അനുസരിച്ച് മേൽ ഗുണഭോക്താക്കൾക്ക് രണ്ടും മൂന്നും ഗഡുക്കൾ ടിയാൻ അനുവദിച്ചതായും മൂന്നാം ഗഡു കൈപ്പറ്റിയ ശേഷം ശ്രീമതി . എ . ടി . അമ്പാടി വീട് പണി പൂർത്തിയായി എന്ന് റിപ്പോർട്ട് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു അനുവദിക്കുന്നതിന് വീട് നിർമ്മാണം പരിശോധിക്കുകയും ചെയ്തതായും , സർക്കാർ നിർദ്ദേശാനുസരണം എല്ലാ നിബന്ധനകളും പാലിച്ചു കൊണ്ടാണ് വീട് നിർമ്മാണം പൂർത്തീകരിക്കപ്പെട്ടിട്ടുള്ളതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു ആയ 7900/- രൂപ 29.03.2011 തീയതിയിൽ ശ്രീ . എ . ടി . അമ്പാടിക്ക് നൽകിയതായും , നാലാം ഗഡു അനുവദിക്കുന്നതിനുള്ള പരിശോധനാ സമയത്ത് ശ്രീ . എ . ടി . അമ്പാടി എന്ന ഗുണഭോക്താവിന്റെ വീട് ഒറ്റ നിലയിൽ മാത്രമുള്ളതായിരുന്നുവെന്നും , കൂടാതെ സർക്കാർ നിർദ്ദേശിച്ച തറ വിസ്തീർണ്ണത്തിൽ മാത്രമായിരുന്നുവെന്നും , ഇ . എം . എസ് . ഭവന പദ്ധതി പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും കൈപ്പറ്റി കുറേ കഴിഞ്ഞതിന് ശേഷമാണ് മേൽ ഗുണഭോക്താവ് രണ്ടാം നില പണിതതെന്നും , തദ്ദേശസ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിച്ച ' ഇ . എം . എസ് ഭവന സംക്ഷിപ്ത വിവരങ്ങൾ ' എന്ന പുസ്തകത്തിൽ വീട് നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞ ഗുണഭോക്താക്കൾക്ക് ഭാവിയിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയാണെങ്കിൽ മുറികൾ കൂട്ടിച്ചേർക്കാം എന്ന നിർദ്ദേശമുള്ളതായും , ശ്രീ . കെ . ബാലകൃഷ്ണൻ തറയുടെ പണി തുടങ്ങി പുരോഗതി അനുസരിച്ച് രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചതായും , മൂന്നാം ഗഡു അനുവദിക്കുന്ന സമയത്ത് തറ വിസ്തീർണ്ണം 40M2 മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ,തറ വിസ്തീർണ്ണം കൂടിയയാതിനാൽ അവസാന ഗഡു അനുവദിച്ചില്ലെന്നും , ടിയാന് നൽകിയ തുക പലിശ സഹിതം തിരിച്ചു പിടിക്കാനുള്ള നടപടി ചെയ്തിട്ടുണ്ടെന്നും , ആയതിനാൽ ടിയാനെതിരെയുള്ള ആരോപണങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ.കെ.സുനിൽകുമാറിന്റെ പ്രതിവാദ പത്രികയിന്മേൽ ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടിയാന്റെ പ്രതിവാദപത്രികയിന്മേൽ ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇ . എം . എസ് . ഭവന പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ മേൽ പരിശോധന നടത്തി അർഹത സംബന്ധിച്ച് സാക്ഷ്യപ്പെടുത്തുന്നത് ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തുന്ന രണ്ട് സർക്കാർ ഉദ്യോഗസ്ഥരാണെന്നും പടന്ന ഗ്രാമപഞ്ചായത്തിലെ ഇ . എം . എസ് . ഭവന പദ്ധതി ഗുണഭോക്താക്കളായ ശ്രീ . എ . ടി . അമ്പാടി , ശ്രീ . കെ . ബാലകൃഷ്ണൻ എന്നിവരുടെ അർഹത സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ശ്രീമതി . സുഷമയും , ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർ ശ്രീ . എൻ . പി . ബാലകൃഷ്ണനുമാണെന്നും , പ്രസ്തുത ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു നൽകിയത് എംപ്ലോയിമെന്റ് എക്സ് ചേഞ്ച് വഴി നിയമിതയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി . സുനന്ദയായിരുന്നുവെന്നും ശ്രീ . എ . ടി . അമ്പാടിക്ക് രണ്ടും മൂന്നും നാലും ഗഡുക്കൾ നൽകിയത് ശ്രീ . കെ . സുനിൽ കുമാറാണെന്നും അവസാന ഗഡു നൽകുമ്പോൾ ശ്രീ . എ . ടി . അമ്പാടിയുടെ വീട് ഒറ്റ നിലയിലുള്ളതായിരുന്നുവെന്നും എന്നത് വീടിന്റെ ഉടമയിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും , രണ്ടാം നില നിർമ്മിച്ചത് പിന്നീടാണെന്ന് മനസ്സിലാക്കുന്നതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . കൂടാതെ ഇ . എം . എസ് . ഭവന പദ്ധതിയുടെ സംക്ഷിപ്ത വിവരങ്ങളിൽ 9- ാം ഇനമായി ഗുണഭോക്താക്കൾക്ക് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച ഒന്നോ രണ്ടോ മുറികൾ കൂട്ടിച്ചേർക്കുന്നതിനുള്ള അവകാശം സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ . ബാലകൃഷ്ണൻ മൂന്ന് ഗഡുക്കൾ കൈപ്പറ്റിയ ശേഷം അനുവദനീയമായതിൽ കൂടുതൽ തറ വിസ്തീർണ്ണം വർദ്ധിപ്പിച്ച് വീട് നിർമ്മാണം പൂർത്തീകരിച്ചതിനാൽ ടിയാൾക്ക് നാലാമത്തെ ഗഡു ശ്രീ . കെ . സുനിൽകുമാർ നൽകിയിരുന്നില്ലെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ ശ്രീ . കെ . സുനിൽ കുമാറിന് പങ്കുണ്ടായിരുന്നില്ലെന്നും ടി ഗുണഭോക്താക്കൾ

അനുവദനീയമായതിലും കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിച്ചത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണാനാകില്ലെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നിർവ്വഹണത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.സുനിൽകുമാർ വീഴ്ച വരുത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡേവിഡ് മിൽട്ടൺ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.കെ.സുനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
പടന്ന ഗ്രാമപഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
വിജിലൻസ് വകുപ്പ് (Vide letter No.12565/D1/2015/Vig, dated 15.12.2015.)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ